# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3336    13.03.17 ൽ മറുപടിയ്ക്ക്

### അന്തർ സംസ്ഥാന ബസ് സർവ്വീസ്

| ചോദ്യം<br>ശ്രീ. രാജു എബ്രഹാം | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | മറ്റു സംസ്ഥാനങ്ങളുമായി ബന്ധപ്പെടുത്തി ബസ് സർവ്വീസ് നടത്തുന്നതിനുള്ള അന്തർ സംസ്ഥാന കരാർ ഏതൊക്കെ സംസ്ഥാനങ്ങളുമായാണ് കേരളം ഒപ്പു വച്ചിരിക്കുന്നത്; കരാറിലെ വ്യവസ്ഥകൾ എന്തൊക്കെയാണ്; | (എ) | കർണ്ണാടക, തമിഴ് നാട് എന്നീ അയൽ സംസ്ഥാനങ്ങളുമായാണ് കേരളം അന്തർ സംസ്ഥാന കരാറുകളിൽ ഏർപ്പെട്ടിട്ടുള്ളത്. റൂട്ട്, ബസ്സുകളുടെ എണ്ണം, കിലോമീറ്റർ സംബന്ധിച്ച വിശദാംശങ്ങൾ എന്നിവയാണ് അന്തർ സംസ്ഥാന കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്.<br><u>കേരള - കർണ്ണാടക</u><br>1976-ലാണ് കർണ്ണാടക സംസ്ഥാനവുമായി അന്തർ സംസ്ഥാന ഗതാഗത കരാറിന് കേരള സർക്കാർ രൂപം നൽകിയത്. 30.06.1976-ൽ ഈ കരാർ കേരള സർക്കാർ ഗസറ്റ് നോട്ടിഫിക്കേഷനായി പ്രസിദ്ധീകരിക്കുകയുണ്ടായി. വിവിധ റൂട്ടുകളിലായി 12586.8 കിലോമീറ്റർ ദൂരം കർണ്ണാടക സംസ്ഥാനത്തിൽ സർവ്വീസ് നടത്തുന്നതിനാണ് ഈ കരാറിൽ ധാരണ ഉണ്ടാക്കിയത്. തുടർന്ന് 1992-ൽ 7460 കിലോമീറ്റർ ദൂരത്തിനും, 2005-ൽ 7995 കിലോമീറ്റർ ദൂരത്തിനും, 2009-ൽ 14301 കിലോമീറ്റർ ദൂരത്തിനും പരിധി നിശ്ചയിച്ച് സപ്ലിമെന്ററി അന്തർ സംസ്ഥാന കരാറുകളിലും ഇരുസംസ്ഥാനങ്ങളും തമ്മിൽ ഏർപ്പെട്ടിട്ടുണ്ട്. മേൽ സൂചിപ്പിച്ച കരാറുകളിലെല്ലാം കൂടി 42342.8 കിലോമീറ്റർ ദൂരം കർണ്ണാടക സംസ്ഥാനത്ത് സർവ്വീസ് നടത്തുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. കെ.എസ്.ആർ.ടി.സി ബാംഗ്ലൂരിന് പുറമെ മംഗലാപുരം, മൈസൂർ, സുള്ള്യ, കൊല്ലൂർ, പുത്തൂർ, മെർക്കാറ, |

സുബ്രഹ്മണ്യ, ധർമ്മസ്ഥല, ബാഗമണ്ഡല, മാനസ, കട്ടീൽ ഉഡുപ്പി, കർക്കാല, മൂഡബിധിരെ തുടങ്ങിയ സ്ഥലങ്ങളിലേക്ക് സർവ്വീസ് നടത്തി വരുന്നുണ്ട്. പുതുതായി 17 റൂട്ടുകളിലായി 84 ബസ്സുകൾ ഉപയോഗിച്ച് 12294.6 കിലോമീറ്റർ ദൂരം കെ.എസ്.ആർ.ടി.സി കർണ്ണാടക സംസ്ഥാനത്ത് സർവ്വീസ് നടത്തുന്നതിന് 2016-ൽ ഇരുസംസ്ഥാനങ്ങളും തമ്മിൽ ധാരണയായിട്ടുണ്ട്.

<u>കേരള – തമിഴ് നാട്</u>

തമിഴ്നാട്ടുമായും ആദ്യമായി അന്തർസംസ്ഥാന കരാറിൽ കേരളം ഏർപ്പെടുന്നത് 1976-ലാണ്. അതിന് ശേഷം തമിഴ്നാട്ടുമായി 1979, 1984, 1995, 1998, 2008 എന്നീ വർഷങ്ങളിൽ 5 സപ്ലിമെന്ററി കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്. ഈ കരാറുകളിൽ എല്ലാമായി കേരളം തമിഴ്നാട്ടിലേക്ക് 33016 കിലോമീറ്ററും, തമിഴ്നാട് കേരളത്തിലേക്ക് അത്രയും കിലോമീറ്ററും സർവ്വീസ് നടത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഓരോ കരാറിലും സർവ്വീസ് നടത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ള കിലോമീറ്ററിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1976 | - | 10691.4 |
| 1979 | - | 2132.0 |
| 1984 | - | 9585.4 |
| 1995 | - | 1907.8 |
| 1998 | - | 4467.4 |
| 2008 | - | 4232.4 |
| ആകെ | = | **33016.4** |

കേരളം തമിഴ്നാട്ടിലെ മധുര, പളനി, വേളാങ്കണ്ണി, നാഗർകോവിൽ, തെങ്കാശി, പൊള്ളാച്ചി, കോയമ്പത്തൂർ, സേലം തുടങ്ങിയ

സ്ഥലങ്ങളിലേക്ക് ഒട്ടേറെ സർവ്വീസ് നിലവിൽ നടത്തി വരുന്നുണ്ട്. തമിഴ്നാട്ടിൽ 8865 കിലോമീറ്റർ

<table>
<tr><td></td><td></td><td></td><td>ദൂരം കൂട്ടുതലായി സർവ്വീസ് നടത്തുന്നതിന് പുതിയ അന്തർ സംസ്ഥാന കരാറിന് കെ.എസ്.ആർ.ടി.സി തമിഴ്നാട്ടിലെ സ്റ്റേറ്റ് എക്സ് പ്രസ് ട്രാൻസ്പോർട്ട് കോർപ്പറേഷനുമായി ധാരണയിൽ എത്തിക്കഴിഞ്ഞിട്ടുണ്ട്.</td></tr>
<tr><td>(ബി)</td><td>കെ.എസ്.ആർ.ടി.സി. മറ്റു സംസ്ഥാനങ്ങളിലേയ്ക്ക് സർവ്വീസ് നടത്തുന്നതുമായി ബന്ധപ്പെട്ട് എത്ര കരാറുകളാണ് നിലവിലുള്ളത്; കേരളത്തിലെ ഏതൊക്കെ സ്ഥലങ്ങളിൽ നിന്നാണ് കെ.എസ്.ആർ.ടി.സി. ഇത്തരത്തിൽ അന്തർ സംസ്ഥാന സർവ്വീസുകൾ നടത്തുന്നത്;</td><td>(ബി)</td><td>ഉത്തരം (എ) പിരിവിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. അന്തർ സംസ്ഥാന സർവ്വീസുകൾ നടത്തുന്ന കെ.എസ്.ആർ.ടി.സി യൂണിറ്റുകൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.
<table>
<tr><td>1.തിരുവനന്തപുരം<br>2.കൊല്ലം<br>3.കൊട്ടാരക്കര<br>4.കോട്ടയം<br>5.ആലപ്പുഴ<br>6.ചെങ്ങന്നൂർ<br>7.തിരുവല്ല<br>8.എറണാകുളം<br>9.ചങ്ങനാശ്ശേരി<br>10.തൃശ്ശൂർ<br>11.വിഴിഞ്ഞം<br>12.നെയ്യാറ്റിൻകര<br>13.ചേർത്തല<br>14.പാറശ്ശാല<br>15.മാവേലിക്കര<br>16.ഈരാറ്റുപേട്ട<br>17.കായംകുളം<br>18.വടകര<br>19.പാലാ<br>20.പത്തനംതിട്ട<br>21.പുനലൂർ<br>22.കുളത്തൂപ്പുഴ<br>23.ആര്യങ്കാവ്<br>24.തൊട്ടിൽപ്പാലം<br>25.നിലമ്പൂർ</td><td>26.പെരിന്തൽമണ്ണ<br>27.കുമിളി<br>28.ആലുവ<br>29.പൊന്നാനി<br>30.മൂന്നാർ<br>31.അടൂർ<br>32.പാലക്കാട്<br>33.ചിറ്റൂർ<br>34.വടക്കൻചേരി<br>35.മലപ്പുറം<br>36.കോഴിക്കോട്<br>37.താമരശ്ശേരി<br>38.മണ്ണാർക്കാട്<br>39.സുൽത്താൻ ബത്തേരി<br>40.കൽപ്പറ്റ<br>41.ഗുരുവായൂർ<br>42.മാനന്തവാടി<br>43.കണ്ണൂർ<br>44.തലശ്ശേരി<br>45.കാസർഗോഡ്<br>46.പയ്യന്നൂർ<br>47.കാഞ്ഞങ്ങാട്</td></tr>
</table></td></tr>
<tr><td>(സി)</td><td>അന്യസംസ്ഥാനക്കാർ ധാരാളം താമസിക്കുന്ന റാന്നിയിൽ നിന്നും ബാംഗ്ലൂർ, മധുര, തെങ്കാശി എന്നിവിടങ്ങളിലേക്ക് ബസ് സർവ്വീസ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?</td><td>(സി)</td><td>അന്തർ സംസ്ഥാന കരാർ വ്യവസ്ഥകൾക്കനുസരിച്ചാണ് കെ.എസ്.ആർ.ടി.സി അന്തർ സംസ്ഥാന സർവ്വീസുകൾ നടത്തി വരുന്നത്. നിലവിലുള്ള അന്തർ സംസ്ഥാന കരാറുകളിൽ വ്യവസ്ഥ ഇല്ലാത്തതിനാൽ റാന്നിയിൽ നിന്നും ബാംഗ്ലൂർ, മധുര,</td></tr>
</table>

| | | | |
|---|---|---|---|
| | | | തെങ്കാശി എന്നിവിടങ്ങളിലേക്ക് പുതിയ അന്തർ സംസ്ഥാന സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണിക്കുവാൻ കഴിയുകയില്ല. |

**സെക്ഷൻ ഓഫീസർ**